# ഉത്തരാധുനികതയും മുസ്‌ലിം ബൗദ്ധിക സമീപനങ്ങളും

കെ. അശ്‌റഫ്

**ഉത്തരാധുനികതയെക്കുറിച്ച് സിയാഉദ്ദീൻ സർദാറും അക്ബർ എസ്. അഹ്മദും മുന്നോട്ട് വെക്കുന്ന വീക്ഷണങ്ങൾ പരിശോധിക്കുന്നു**

**പാശ്ചാത്യ** ആധുനികതയുടെ സന്ദിഗ്ധതയിലാണ് ഉത്തരാധുനികത പിറവിടെയുക്കുന്നത്. ആധുനികതയുടെ വിശ്വാസപ്രമാണങ്ങളെ പല അളവിൽ ചോദ്യംചെയ്താണ് ഉത്തരാധുനികത വികസിച്ചത്. നിയതമായ ആശയങ്ങൾക്കകത്തു രൂപപ്പെട്ടതല്ല ഉത്തരാധുനികത. ആധുനികതയുടെ മുരടിപ്പിൽനിന്ന് പുറത്തേക്കുള്ള വഴി അന്വേഷിച്ചുപോയവരാണ് ഉത്തരാധുനികതയെ വികസിപ്പിച്ചത്.

ഉത്തരാധുനികത മുസ്‌ലിം ലോകത്ത് ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയിട്ടേയുള്ളൂ. എന്നാൽ ആധുനികതയോട് മുസ്‌ലിം ലോകത്തിന്റെ സമീപനങ്ങൾ സുവിദിതമാണ്. പല രീതിയിലാണത്. ആധുനികതയോട് പോരടിച്ച് ജയിച്ചുവെന്നു അഭിമാനിക്കുന്നവരുണ്ട്. ആധുനികതയോട് സംവാദാത്മക ബന്ധം സ്ഥാപിച്ചുവെന്നു പറയുന്നവരും, ആധുനികതയെ നേരിടാതെ ആധുനിക പൂർവ ജീവിത സാഹചര്യത്തിലായിരുന്നു മുസ്‌ലിം ധിഷണ എന്നു വിശകലനം ചെയ്യുന്നവരുമുണ്ട്. ആധുനികത എന്നത് മുസ്‌ലിം ധിഷണയുടെ കേന്ദ്ര പ്രമേയമായിരുന്നു. എന്നാൽ ഇന്നത്തെ തീവ്ര ആധുനിക വിരുദ്ധർ വരെ ഒരർഥത്തിൽ ആധുനികതയാൽ രൂപപ്പെട്ടവരാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവുന്നു. യുക്തിയോടേറ്റുമുട്ടി യുക്തിയെ പരോക്ഷമായി ആന്തരികവത്കരിച്ചവരാണ് പല മുസ്‌ലിം പ്രസ്ഥാനങ്ങളും. ഉത്തരാധുനികതയോടുള്ള സമീപനങ്ങളിലും ഇതു ബാധകമാണ്. എന്നല്ല ചരിത്രത്തിലെ സ്ഥല-കാല സന്ദർഭങ്ങൾക്ക് സ്വാധീനപ്പെടാതെയും വഴങ്ങാതെയും ഒരു പ്രസ്ഥാനത്തിനും അതിന്റെ ജൈവിക വളർച്ച പൂർത്തിയാക്കാനാവില്ല. പക്ഷേ നാം ജീവിക്കുന്ന കാലത്തെ പൂർണാർഥത്തിൽ തിരിച്ചറിയുക എന്നത് പരമപ്രധാനമാണ്.

**മാധ്യമ കേന്ദ്രീകൃതമായ ജീവിതവീക്ഷണമാണ് ഉത്തരാധുനികതയുടേത്. മാധ്യമങ്ങൾ യാഥാർഥ്യങ്ങളെ നിർമിക്കുന്നു. ഇവിടെ യാഥാർഥ്യം എന്നത് ഭാവനയാണ്. ഭാവന നിരപേക്ഷമല്ല. ഭാവനയെന്നത് ആധിപത്യത്തിന്റെ ഒരു ഉപകരണമാണ്. ആധിപത്യത്തിന് ശ്രമിക്കുന്നത് പടിഞ്ഞാറാണ്. പടിഞ്ഞാറ് നിർമിക്കുന്ന ഭാവനകൾ യാഥാർഥ്യങ്ങളായി മാറുന്നു. ഈ യാഥാർഥ്യ നിർമാണത്തിന്റെ ഏറ്റവും വലിയ ഇര ഇസ്‌ലാമാണ്.**

ഉത്തരാധുനികതയെക്കുറിച്ച് സിയാഉദ്ദീൻ സർദാറും അക്ബർ എസ്. അഹ്മദും മുന്നോട്ടുവെക്കുന്ന വീക്ഷണങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്. ഉത്തരാധുനികതയെ സൗകര്യത്തിന് വ്യാഖ്യാനിക്കുകയല്ല, മറിച്ച് ഉത്തരാധുനികതയെ സ്വയം തിരിച്ചറിയുകയും പ്രതിപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുക എന്നതാണ് കരണീയം. ഇവിടെയാണ് ഉത്തരാധുനിക സമീപനങ്ങളിൽ രണ്ടു പ്രമുഖ മുസ്‌ലിം ബൗദ്ധിക കേന്ദ്രങ്ങൾ പുലർത്തുന്ന സമീപനങ്ങൾ ശ്രദ്ധേയമാവുന്നത്. മുസ്‌ലിം അന്വേഷണങ്ങളുടെ മുഖ്യ പോരായ്മ ആത്മനിഷ്ഠമായ ലോകവീക്ഷണമാണ്. എന്നാൽ സർദാറും അഹ്മദും ആത്മനിഷ്ഠതക്കപ്പുറത്ത് പുതിയ ലോകത്തെ കാണാൻ കെൽപുറ്റവരാണ്. രണ്ട് പുസ്തകങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്. സർദാറിന്റെ *ഇസ്‌ലാം, പോസ്റ്റ് മോഡേണിസം ആന്റ് അദർ ഫ്യൂച്ചേഴ്‌സും* അഹ്മദിന്റെ *പോസ്റ്റ് മോഡേണിസം ആന്റ് ഇസ്‌ലാം: പ്രഡിക്കമെന്റ് ആന്റ് പ്രോമിസും.*

## അഹ്മദിന്റെ വിമോചന ഉത്തരാധുനികത

ഉത്തരാധുനികതയുടെ കേന്ദ്ര പ്രവണത സന്ദിഗ്ധത (ambiguity) ആണ്. ഈ സന്ദിഗ്ധതയെ കേവലം ചരിത്ര ഘട്ടമായോ നിരന്തരം മാറുന്ന ജീവിത ശൈലിയായോ മാത്രം പരിമിതപ്പെടുത്താനാവില്ല. വ്യാഖ്യാനങ്ങൾക്കും നിർവചനങ്ങൾക്കും വഴങ്ങാത്ത ഒരു തലം ഉത്തരാധുനികതക്കുണ്ട്.

എട്ട് ഉത്തരാധുനിക സവിശേഷതകൾ അക്ബർ എസ്. അഹ്മദ്

നിരീക്ഷിക്കുന്നു:

1. ഉത്തരാധുനികത ആധുനികതയുടെ വിശ്വാസ പ്രമാണങ്ങളെ ചോദ്യം ചെയ്യുന്നു. ബഹുസ്വരതയെ അംഗീകരിക്കുന്നു. സമഗ്രമോ ആത്യന്തികമോ ആയ ഉത്തരങ്ങൾ നൽകുന്ന മുഴുവൻ വ്യവസ്ഥകളും തകർന്നതായി പ്രഖ്യാപിക്കുന്നു. ഇവിടെ ഇസ്‌ലാമും ഏതൊരു പ്രത്യയശാസ്ത്രവും സമാനമാണ്. ഒരുപാട് ബദലുകളിൽ ഒന്നു മാത്രം.

2. ഉത്തരാധുനികത മാധ്യമ കേന്ദ്രീകൃതമാണ്. മാധ്യമങ്ങളാണ് ഉത്തരാധുനിക സംസ്കാര വ്യവസായത്തിന്റെ മുഖ്യ നടത്തിപ്പുകാർ. അഥവാ മാധ്യമങ്ങളാണ് നിർചനങ്ങൾ രൂപപ്പെടുത്തുന്നതും തകർക്കുന്നതും.

3. മത-വംശീയ മൗലികവാദങ്ങൾ ശക്തിപ്രാപിക്കുന്നു. ഇത് നിഷേധാത്മകതയുടെ ഉൽപന്നമല്ല. സന്ദേഹങ്ങളുടെ നടുക്കടലിൽ തന്നെയാണ് മൗലിക ചോദ്യങ്ങൾ മനുഷ്യർ ഉയർത്തുക. മതവും ആത്യന്തിക ആത്മീയ പ്രചോദനവും പുതിയ കാലത്തിന്റെ തീവ്ര യാഥാർഥ്യങ്ങളാണ്.

4. നഗര കേന്ദ്രിത സംസ്കാരമാണ് ഉത്തരാധുനികതയുടേത്. വൻ നഗരങ്ങൾ പങ്കുവെക്കുന്ന അരാജക പ്രവണതകളും ക്രമരാഹിത്യവുമാണ് ഉത്തരാധുനികതയുടെ പൊതുസവിശേഷത.

5. ഉത്തരാധുനികത കാലനിരപേക്ഷമല്ല. പാരമ്പര്യവുമായി സംവാദാത്മക ബന്ധം നിലനിർത്തുന്നു.

6. ന്യൂനപക്ഷമായ വരേണ്യ വർഗത്തിന്റേതോ ഭൂരിപക്ഷ അടിസ്ഥാന ജനവിഭാഗങ്ങളുടെതോ അല്ല; മധ്യവർഗ അഭിലാഷങ്ങളുടെ പൂർത്തീകരണമാണ് ഉത്തരാധുനികത.

7. ആശയങ്ങളുടെയും ശൈലികളുടെയും കലർപ്പിനെയും സ്വാംശീകരണത്തെയും പ്രോത്സാഹിപ്പിക്കുന്നു. 'ഹൈബ്രിഡിറ്റി'യാണ് ഉത്തരാധുനികതയുടെ മുഖമുദ്ര.

8. ഉത്തരാധുനികതയുടെ ഭാഷ വൈരുധ്യം നിറഞ്ഞതാണ്.

ഉത്തരാധുനികതയുടെ 'സന്ദേഹങ്ങ'ളെ മുസ്‌ലിംകൾ പൊതുവെ സംശയദൃഷ്ടിയോടെയാണ് കാണുന്നത്. ബഹുസ്വരതയോടുള്ള ഉത്തരാധുനികതയുടെ സമീപനങ്ങൾ മുസ്‌ലിം ലോകം സ്വീകരിക്കുമെന്ന് അഹ്മദ് പ്രത്യാശിക്കുന്നു.

മാധ്യമ കേന്ദ്രീകൃതമായ ജീവിത വീക്ഷണമാണ് ഉത്തരാധുനികതയുടേത്. മാധ്യമങ്ങൾ യാഥാർഥ്യങ്ങളെ നിർമിക്കുന്നു. ഇവിടെ യാഥാർഥ്യം എന്നത് ഭാവനയാണ്. ഭാവന നിരപേക്ഷമല്ല. ഭാവനയെന്നത് ആധിപത്യത്തിന്റെ ഒരു ഉപകരണമാണ്. ആധിപത്യത്തിന് ശ്രമിക്കുന്നത് പടിഞ്ഞാറാണ്. പടിഞ്ഞാറ് നിർമിക്കുന്ന ഭാവനകൾ യാഥാർഥ്യങ്ങളായി മാറുന്നു. ഈ യാഥാർഥ്യ നിർമാണത്തിന്റെ ഏറ്റവും വലിയ ഇര ഇസ്‌ലാമാണ്. ഇസ്‌ലാമെന്നത് ഇന്ന് തമസ്കരണത്തിന് വിധേയമാകുന്ന ജീവിതകാഴ്ചപ്പാടാണ്. ഭാവനയുടെ നടത്തിപ്പുകാരായ പടിഞ്ഞാറൻ മാധ്യമങ്ങൾ ഇസ്‌ലാമിനെ തങ്ങളുടെ ആധിപത്യ വാസനകൾക്കനുസൃതമായി പുനരാവിഷ്കരിക്കുന്നു. ഈ കെട്ടുകാഴ്ചകൾ യാഥാർഥ്യത്തിന്റെ പകർപ്പുകൾ പോലുമല്ലാതാവുന്നു. ഇസ്‌ലാമിനെ അപരവത്കരിച്ച പടിഞ്ഞാറൻ മാധ്യമങ്ങൾ ഭൗതികപ്രമത്തതയും ആത്യന്തിക വ്യക്തിവാദവും പ്രചരിപ്പിക്കുന്നു. കുടുംബം, സമൂഹം ഇവയുടെ അടിത്തറ തകർക്കുന്ന പാശ്ചാത്യ ലൈംഗികതയെ മനുഷ്യജീവിതത്തിന്റെ മൗലിക പ്രചോദനമായി ചിത്രീകരിക്കുന്നു.

ഉത്തരാധുനികതയെ അഭിമുഖീകരിക്കലാണ് മുസ്‌ലിം സമൂഹത്തിന്റെ കടമയെന്ന് അഹ്മദ് പറയുന്നു. സാമൂഹികവും രാഷ്ട്രീയവും ജ്ഞാനശാസ്ത്രപരവുമായ ഇടപെടലുകളിൽനിന്ന് വേറിട്ടു നിൽക്കരുതെന്നും സാമൂഹിക സംവിധാനങ്ങൾ പടുത്തുയർത്താനാവശ്യമായ ഇടപെടലുകൾ നടത്തിക്കൊണ്ടേയിരിക്കണമെന്നും അദ്ദേഹം ഉണർത്തുന്നു. *ഇഹ്സാൻ*, *ഇൽമ്*, *അദ്ൽ*, *സ്വബ്ർ* തുടങ്ങിയ സാർവ ലൗകികവും അതിഭൗതിക മാനങ്ങളുള്ളതുമായ ആശയങ്ങളെ പുനർവായിക്കാൻ മുസ്‌ലിം ധിഷണ തയാറാവണം. പ്രസ്തുത മൂല്യങ്ങളിലൂന്നിയ അഭിമുഖീകരണമാണ് ഉണ്ടാവേണ്ടത്. ചിന്താപരമായ പക്വതയാണ് ഇസ്‌ലാമിക ധിഷണയുടെ കാതൽ. ഒളിച്ചോട്ടത്തിനും ആത്യന്തികതക്കും മധ്യേ നിരന്തരമായ പ്രതിപ്രവർത്തനമാണ് മുസ്‌ലിം വൈജ്ഞാനിക സാമൂഹിക രാഷ്ട്രീയ ഇടപെടലുകളുടെ രീതിശാസ്ത്രമാവേണ്ടതെന്ന് അഹ്മദ് വിശകലനം ചെയ്യുന്നു.

ഇസ്‌ലാമും പടിഞ്ഞാറും തമ്മിലെ വൈരത്തിന്റെ സ്വഭാവം നിർണയിക്കുന്ന അഹ്മദ്, പുതിയ കാലഘട്ടത്തിനനുയോജ്യമായ സംവാദ മര്യാദകൾ സൃഷ്ടിക്കാൻ ആഹ്വാനം ചെയ്യുന്നു. ഹൃദയമില്ലാത്ത പടിഞ്ഞാറിനു നൽകാൻ ഇസ്‌ലാമിനു ഹൃദയം മാത്രമേ ഇന്നവശേഷിക്കുന്നുള്ളൂവെന്ന് അഹ്മദ് വിലയിരുത്തുന്നു. ഇവിടെ ഇസ്‌ലാമും പടിഞ്ഞാറും തമ്മിലെ പാരസ്പര്യമാണ് നവനാഗരികതയുടെ ഉദ്ഘാടനത്തെ ത്വരിതപ്പെടുത്തുക. ബൃഹദാഖ്യാനങ്ങളുടെ നിരാകരണമെന്നത് അടിച്ചേൽപിക്കലിന്റെ അന്ത്യമാണ്. സമഗ്രാധിപത്യ ബൃഹദാഖ്യാനങ്ങൾ(grand narratives) നശിക്കുന്നത് സംവാദത്തെ പ്രോത്സാഹിപ്പിക്കുമെന്ന് അഹ്മദ് പ്രത്യാശിക്കുന്നു. ഈ സംവാദത്തിന്റെ സാധ്യത എന്നത് മുസ്‌ലിം സമൂഹത്തിന്റെ സാധുതയുടെ

## ഫൂക്കോയും ഉത്തരാധുനികതയും

ഉത്തരാധുനിക ജ്ഞാനശാസ്ത്രം മുഖ്യമായും ഫ്രഞ്ച് ചിന്തകൻ മിഷേൽ ഫൂക്കോയുടെ ഇടപെടലുകളിലൂടെയാണ് വികസിച്ചത്. *മാഡ്നസ് ആന്റ് സിവിലൈസേഷൻ, ആർക്കിയോളജി ഓഫ് നോളജ്, ഡിസിപ്ലിൻ ആന്റ് പണിഷ്മെന്റ്, ഓർഡർ ഓഫ് തിംഗ്സ്* തുടങ്ങിയ കൃതികളിലൂടെ ഫൂക്കോ മുന്നോട്ടുവെച്ച പ്രവണതകളാണ് ഉത്തരാധുനിക ചിന്തയുടെ അടിസ്ഥാനം. ഫൂക്കോയുടെ കാഴ്ചപ്പാടുകൾ ഇങ്ങനെ സംഗ്രഹിക്കാം. അധികാര കേന്ദ്രങ്ങളുടെ നടത്തിപ്പുകാരാണ് അറിവിനെ (നോളജ്) നിർമിക്കുന്നത്. ഈ അറിവ് യഥാർഥത്തിൽ വ്യവഹാരമാണ് (ഡിസ്കോഴ്സ്). വ്യവഹാരങ്ങൾക്കു പിറകിൽ വസ്തുനിഷ്ഠമായ യാഥാർഥ്യങ്ങളില്ല. വ്യവഹാരങ്ങൾ അധികാരത്തിന്റെ നിർമിതിയാണ്. സാമാന്യ ജനങ്ങൾക്കു മേൽ വ്യവഹാര നിർമിതിയുടെയും അധികാരത്തിന്റെയും ആളുകൾ സ്വാധീനമുറപ്പിക്കുന്നു. വ്യവഹാരം എന്നാൽ ഓരോ കാലഘട്ടത്തിലെയും ആധിപത്യ പ്രത്യയശാസ്ത്രങ്ങളും അവയുടെ ഉപകരണങ്ങളുമാണ്. ഫ്രഡറിക് നീഷേയുടെ കൃതികളുടെ പുനർവായനയിലൂടെയാണ് ഫൂക്കോ തന്റെ മുഖ്യ വാദങ്ങൾ സമർഥിച്ചത്. ഉത്തരാധുനികത മാർക്സിനേക്കാൾ നീഷേയുടെ ചിന്തകൾക്ക് പ്രാമുഖ്യം നൽകുന്നു.

പ്രശ്നമാണ്. കാരണം പടിഞ്ഞാറു തന്നെയാണ് ഉത്തരാധുനികതയുടെ കേന്ദ്രം. ചരിത്രത്തിൽ തുല്യതയില്ലാത്ത വിധത്തിൽ നാഗരികതകളുടെ സമന്വയത്തിന്റെ സാധ്യതയും വൈവിധ്യവും ചേർന്നുനിൽക്കുമ്പോൾ ഇസ്‌ലാം സംവാദത്തിനു മുൻകൈയെടുക്കണം. ഉത്തരാധുനികതയുടെ ഗുണാത്മകവശം സഹിഷ്ണുതയും വൈവിധ്യവുമാണ്. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം വൈവിധ്യപൂർണമായ ജനപങ്കാളിത്തവും സാംസ്കാരിക ബഹുലതയും ഉത്തരാധുനികതയിൽ ദർശിക്കുന്നു. ഉത്തരാധുനികതയുടെ സന്ദിഗ്ധത ഇസ്‌ലാമിനോടും വെച്ചുപുലർത്താവുന്നതാണെങ്കിലും, വിശ്വാസരാഹിത്യവും ഭൗതികവാദവും പൊതുപ്രവണതകൾ തന്നെയാണെങ്കിലും മുസ്‌ലിംകൾ നിരന്തരമായ സമ്പർക്കത്തിന്റെ വഴിയാണ് അതിനോട് സ്വീകരിക്കേണ്ടതെന്ന് അക്ബർ എസ്. അഹ്മദ് വിശദീകരിക്കുന്നു. സാമ്രാജ്യത്വ അജണ്ടകളുടെ പഴയകാല വാർപ്പു മാതൃകകളിൽനിന്ന് പുറത്തുകടക്കാൻ പടിഞ്ഞാറിനെ സഹായിക്കലാകുമത്. പടിഞ്ഞാറിന്റെ ഇരട്ടത്താപ്പുകൾ ഇസ്‌ലാമിന്റെ തുറന്ന പ്രവർത്തനശൈലിയിലൂടെ മാറ്റിയെടുക്കാൻ കഴിയുമെന്നും അദ്ദേഹം വിശ്വസിക്കുന്നു. ചരിത്രത്തോട് മുഖം കറുപ്പിച്ചുനിന്ന ഇസ്‌ലാമിനെയല്ല നാം അടയാളപ്പെടുത്തേണ്ടത്. മറിച്ച് സ്തംഭിച്ചുനിൽക്കുന്ന പടിഞ്ഞാറൻ സാമൂഹിക ജീവിതത്തിലേക്കും ധിഷണയിലേക്കും പെയ്തിറങ്ങാനാണ് ഇസ്‌ലാമിക സമാജം തയാറാവേണ്ടത്.

## കൊളോണിയൽ ആധുനികതയുടെ രൂപപ്പകർച്ച

അറിയപ്പെടുന്ന ബദൽ പ്രതിരോധ ചിന്തകനാണ് സിയാഉദ്ദീൻ സർദാർ. അക്ബർ എസ് അഹ്മദിന്റെ നിർവചനങ്ങളുമായി സർദാർ പൊരുത്തപ്പെടുന്നുണ്ട്. നിർവചനങ്ങളിലും സ്വഭാവത്തിലും സർദാർ അഹ്മദുമായി യോജിക്കുന്നു. ബഹുസ്വരതയെയും കലർപ്പിനെയും മാധ്യമ കേന്ദ്രീകൃത വീക്ഷണത്തെയും ബൃഹദാഖ്യാനങ്ങളുടെ തിരോധാനത്തെയും കുറിച്ച അഹ്മദിന്റെ വീക്ഷണം സർദാറും അംഗീകരിക്കുന്നു. അഹ്മദിൽ നിന്ന് ഭിന്നമായി മോഡേണിസത്തിന്റെ കൊളോണിയൽ പദ്ധതികളുടെ പരകായ പ്രവേശം എന്ന നിലയിലാണ് ഉത്തരാധുനികതയെ സർദാർ വിവക്ഷിക്കുന്നത്.

മാർക്കറ്റ് ഇക്കണോമിയുടെ വ്യാപനവും ഉപഭോഗ സംസ്കാരത്തിന്റെ വികാസവുമാണ് ഉത്തരാധുനിക പ്രവണതകളുടെ ഒരു ദശകത്തിനു ശേഷമുള്ള ബാലൻസ്ഷീറ്റ്. നവോത്ഥാന യുക്തിയെ ചോദ്യംചെയ്ത് കടന്നുവന്ന ഉത്തരാധുനികത സമകാലികതയെ പുനരാവിഷ്കരിച്ചു. ഈ പുനരാവിഷ്കരണമെന്നത് പാശ്ചാത്യ ലിബറലിസത്തിന്റെ സാംസ്കാരിക പതിപ്പുകൾ ലോകമെങ്ങും സൃഷ്ടിക്കുന്നതിന്റെ ഭാഗമാണ്.

മൗലികമായ ചില വിയോജിപ്പുകളും സിയാഉദ്ദീൻ സർദാർ പ്രകടിപ്പിക്കുന്നു. ആത്യന്തിക വ്യക്തിവാദം എന്നത് പാശ്ചാത്യ പരികൽപനയാണ്. പടിഞ്ഞാറേതര സംസ്കാരങ്ങളിൽ അറുത്തുമാറ്റപ്പെട്ട, ഒറ്റപ്പെട്ട വ്യക്തികൾ നിലനിൽക്കുന്നില്ല എന്ന് സിയാഉദ്ദീൻ പറയുന്നു. ഉത്തരാധുനികത വാഗ്ദാനം ചെയ്ത സാംസ്കാരിക ബഹുസ്വരത പൊള്ളയായ വാചകമടിയാണ്. ഈ വാചാലത സൃഷ്ടിച്ചത് യാഥാർഥ്യത്തെയും മിഥ്യയെയും കൂട്ടിക്കലർത്തിയാണ്. വൈവിധ്യങ്ങളുടെ ഘോഷയാത്ര എന്നത് മാധ്യമ നിർമിത യാഥാർഥ്യമാണ്. ഈ ഘോഷയാത്രക്കു പുറത്തുനിൽക്കുന്ന മൂന്നാം ലോക പൗരന്റെ ചിത്രം ഉത്തരാധുനിക പ്രഭയിൽ മുങ്ങിപ്പോവുന്നതായി സർദാർ പറയുന്നു. പോസ്റ്റ്മോഡേണിസത്തിന്റെ മുഖ്യ സൈദ്ധാന്തികനായ റിച്ചാർഡ് റോട്ടി പറയുന്നത്, മുഴുവൻ യാഥാർഥ്യങ്ങളും നിർമിതികളാണെന്നാണ്. അധികാരവും സാമൂഹികാവസ്ഥയും ചേർന്നാണ് മൂല്യങ്ങൾ നിർമിക്കുന്നത്. മൂല്യങ്ങൾ, സത്യങ്ങൾ ഇവയൊന്നുംതന്നെ പ്രാപഞ്ചികമല്ല. സത്യം, നീതി ഇവയിൽനിന്ന് അസത്യത്തെയും അനീതിയെയും വേർതിരിച്ചു കാണാൻ ഉത്തരാധുനികത തയാറാവുന്നില്ല.

ഉത്തരാധുനികത ആശയങ്ങളുടെയും ഇമേജുകളുടെയും കലർപ്പുകൾ ഉണ്ടാക്കുന്നു. എല്ലാ ആശയങ്ങളും ബിംബങ്ങളും അവയുടെ വിശ്വാസപ്രമാണങ്ങളിൽനിന്നും സാമൂഹിക ഘടനകളിൽനിന്നും അറുത്തുമാറ്റി ചരിത്ര നിരപേക്ഷമായ പുതിയ കലർപ്പുകൾ ഉണ്ടാക്കുന്നു. ഇങ്ങനെ സൃഷ്ടിക്കുന്ന ബഹുസ്വരത ഉപരിപ്ലവമാണ്. ഉത്തരാധുനികത ചരിത്രത്തെ റദ്ദു ചെയ്യുകയാണ്. ചരിത്രം കേവല ഭാവനാ സൃഷ്ടിയാണെന്ന് ഉത്തരാധുനികത വിലയിരുത്തുന്നു. മോഡേണിസത്തിന്റെ മൂല്യരഹിതമായ അടിത്തറയാണ് ഉത്തരാധുനികത പങ്കുവെക്കുന്നത്. ഇങ്ങനെ കൊളോണിയൽ കാലഘട്ടം പോലെ, പടിഞ്ഞാറേതര സംസ്കാരങ്ങൾ കെട്ടുകഥയാണെന്ന് ഉത്തരാധുനികത വ്യാഖ്യാനിക്കുന്നു. പടിഞ്ഞാറിന്റെ വിപണിയിലെ മുന്തിയ ചരക്കാണ് പടിഞ്ഞാറേതര സംസ്കാരങ്ങൾ. കാരണം, ചരിത്ര ബന്ധിതമല്ലാത്ത, സ്ഥലകാലമുക്തമായ സാംസ്കാരിക പ്രകാശനങ്ങളാണവ. അടിസ്ഥാനപരമായി പടിഞ്ഞാറിന്റെ ചന്തയിലെ വൈവിധ്യപൂർണമായ പ്രദർശന വസ്തുക്കൾ മാത്രമാണ് മറ്റു സംസ്കാരങ്ങൾ. എന്നാൽ ഉത്തരാധുനിക സൈദ്ധാന്തികർ പടിഞ്ഞാറിനെ വ്യാഖ്യാനിക്കുന്നത്, സർവം സഹിക്കുന്ന സഹിഷ്ണുതയുടെ പര്യായമായാണ്. ബൃഹദാഖ്യാനങ്ങൾ തകർന്നുവെന്ന് സിദ്ധാന്തിക്കുകയും ചെയ്യുന്നു. എന്നാൽ സർവ ബൃഹദാഖ്യാനങ്ങൾക്കു ശേഷവും 'ലിബറലിസം' ജീവിച്ചിരിക്കുന്നു. മാർക്കറ്റ് ഇക്കണോമിയുടെയും കൺസ്യൂമർ കൾച്ചറിന്റെയും പൊതുപരിസരമാണ് ലിബറലിസം. ലിബറലിസമെന്ന ഏക സാമ്പത്തിക മതമാണ് ഉത്തരാധുനികത സംരക്ഷിക്കുന്ന ബൃഹദാഖ്യാനം. മതേതര ആധുനികതയുടെ മൂല്യവ്യവസ്ഥയാണ് ലിബറലിസം പങ്കുവെക്കുന്നത്. ആഗോളീകരണമാണ് ലിബറലിസത്തിന്റെ വാഹക ദൗത്യം പൂർത്തീകരിക്കുന്നത്.

പാരമ്പര്യങ്ങളെ പിന്തുണക്കുന്ന ഉത്തരാധുനികത, പാരമ്പര്യങ്ങളിലൂന്നിയ വികാസത്തിന്റെയും വളർച്ചയുടെയും ഊർജത്തെ തകർക്കുന്നു. പാരമ്പര്യമെന്നത് ജഡാവസ്ഥയുടെയും ജീർണാവസ്ഥയുടെയും പ്രദർശനശാലയായി ഉത്തരാധുനികത മാറ്റുന്നു. ഇങ്ങനെ പടിഞ്ഞാറേതര സംസ്കാരങ്ങളുടെ ജൈവികത തകർക്കപ്പെടുന്നു. ഉത്തരാധുനികതയുടെ രക്ഷാകർതൃ മനോഭാവം അപരസംസ്കാരങ്ങളുടെ തകർച്ചയെയാണ് യഥാർഥത്തിൽ പോഷിപ്പിച്ചതെന്ന് സർദാർ അടിവരയിടുന്നു.

മുസ്‌ലിംകൾ ജീവിക്കുന്ന ലോകം അവരുടേതല്ല. ഭൗതികമായും മനഃശാസ്ത്രപരമായും സാമൂഹികപരമായും മുസ്‌ലിംകൾ ജീവിക്കുന്നത് പാശ്ചാത്യ ആധുനികതക്കും നൂറ്റാണ്ടുകൾ പഴക്കമുള്ള ഇസ്‌ലാമിക ജ്ഞാനശാസ്ത്രത്തിന്റെ ഫോസിലിനും മധ്യേയാണ്. പോസ്റ്റ് മോഡേണിസം ഇസ്‌ലാമിനെ ചവറ്റുകൂനയിലേക്ക് എടുത്തെറിയുന്ന കാഴ്ചയാണ് നാം കാണുന്നത്. മുന്നോട്ടുപോവാനുള്ള പോംവഴി നിശിതമായ ആത്മവിചാരണയിലൂടെ രൂപപ്പെടേണ്ടതാണ്. ചിന്താ-പ്രവർത്തന ശൈലികളിൽ രൂപപ്പെടുത്തേണ്ട സർഗാത്മകത കൊണ്ടാണ് ഉത്തരാധുനികത സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാനാവുക.

ഇജ്തിഹാദ് (ഗവേഷണം) ആണ് ഇസ്‌ലാമിക ധിഷണയുടെ ഊർജകേന്ദ്രം. ഇതിലൂടെയാണ് ഇസ്‌ലാമിക ജീവിതത്തിന്റെ കാതൽ രൂപപ്പെടേണ്ടത്. ഉത്തരാധുനികതയുടെ വ്യാജ പ്രതിബിംബങ്ങൾ നിരാകരിക്കുക എന്നത് ഇസ്‌ലാമിന്റെ ഉൺമയെ പ്രാപിക്കലാണ്. ഉത്തരാധുനികതക്കു മുമ്പിൽ കൊളോണിയൽ കാലഘട്ടത്തിന്റെ വിധേയത്വത്തെ അനുസ്മരിപ്പിക്കുന്ന ക്ഷമാപണ മനഃസ്ഥിതിക്കാരെ സർദാർ ഗംഭീരമായി നേരിടുന്നുമുണ്ട്. രണ്ടു കാര്യങ്ങളാണ് അടിസ്ഥാനമായി മുസ്‌ലിം സമുദായം ചെയ്യേണ്ടത്. ഒന്ന്, സമകാലിക ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും നിരൂപണം ചെയ്യുക. രണ്ട്, സമകാലിക ചിന്തയുടെ നിരൂപണം.

എന്നാൽ ഭൂമിശാസ്ത്രപരമായി പടിഞ്ഞാറിനെ മാത്രമല്ല സർദാർ തിരിച്ചറിയുന്നത്. ഏഷ്യയിലെ പടിഞ്ഞാറുകളെ സർദാർ നിരൂപിക്കുന്നുണ്ട്. വർണ വംശീയ സ്വഭാവത്തിലുള്ള പ്രതികരണമല്ല ഉണ്ടാവേണ്ടത്. ബഹുസ്വരത ഉത്തരാധുനിക മൂല്യമല്ല, മറിച്ച് ഇസ്‌ലാമിക മൂല്യമാണ്. പാരമ്പര്യമെന്നത് സ്തംഭിച്ചു നിൽക്കലുമല്ല. ആശിഷ് നന്ദി മുന്നോട്ടു വെക്കുന്ന നിരന്തരം മാറുന്ന, നവീകരണ ക്ഷമതയുള്ള പാരമ്പര്യത്തെ സർദാർ എടുത്തുകാട്ടുന്നു. ബഹുസ്വരവും പാരമ്പര്യത്തിലൂന്നിയതും കൊടുക്കൽ വാങ്ങലുകളുള്ളതുമായ ഇസ്‌ലാമിന്റെ ആന്തരികതയെ സർദാർ ന്യായീകരിക്കുന്നു.

ഇസ്‌ലാമിന്റെ ജ്ഞാനശാസ്ത്രപരമായ വികാസമെന്നത് ഹറാം-ഹലാൽ വിധികളുടെ ഒരു നോട്ടുപുസ്തകമല്ലെന്ന് നാം തിരിച്ചറിയണം. നാഗരികതയെ മുന്നോട്ടുകൊണ്ടുപോകുന്ന സംവാദഭരിതമായ കാഴ്ചപ്പാടുകളുടെ സംഘാതമാണ് വിമോചനപരതയുള്ള ഇസ്‌ലാം. ആധുനികതയുടെയും ഉത്തരാധുനികതയുടെയും സ്തംഭനാവസ്ഥയെ മറികടക്കാനുള്ള പോംവഴി ഇസ്‌ലാമിനെ ഒരു 'ഫിഖ്ഹ് കൾട്ട്' എന്ന അവസ്ഥയിൽനിന്നു വിമോചിപ്പിക്കലാണ്. ഇൽമിനെക്കുറിച്ച പരമ്പരാഗത കാഴ്ചപ്പാടുകൾ നിരാകരിക്കപ്പെടണമെന്ന് സർദാർ ആഗ്രഹിച്ചിരുന്നു. മദീനയുടെ സ്റ്റീരിയോ ടൈപ്പല്ല, മദീനയുടെ മൂല്യങ്ങളും രീതിശാസ്ത്രവുമാണ് ഇസ്‌ലാമിക ചിന്തയുടെ ഗവേഷണത്തിനു അർഹമാകേണ്ടത്. ഇസ്‌ലാമിക നാഗരികതയുടെ പുനർനിർമാണത്തിനു സഹായകമാവുന്ന അടിസ്ഥാന കാഴ്ചപ്പാട് സർദാർ നിർദേശിക്കുന്നു. "ഇസ്‌ലാമെന്നത് മതവും സംസ്കാരവും നാഗരികതയുമാണ്. പക്ഷേ ഇവയിലേതെങ്കിലുമൊന്നിന് പ്രാമുഖ്യം നൽകുന്നത് ഇസ്‌ലാമിന്റെ സാകല്യത്തെ ലഘൂകരിക്കും. ഇസ്‌ലാമെന്ന ഒരു ലോകവീക്ഷണമാണ്, ലോകത്തെ രൂപപ്പെടുത്തുന്നതിന്റെയും നിർവചിക്കുന്നതിന്റെയും അറിയുന്നതിന്റെയും ഏകകം. ഇസ്‌ലാമിന്റെ അർഥം വണക്കമെന്നും സമാധാനമെന്നുമാണ്. സമാധാനം വണക്കത്തെ ആസ്പദിച്ചിരിക്കുന്നു. ഇസ്‌ലാമിക ലോകവീക്ഷണത്തിന്റെ അടിസ്ഥാനം തൗഹീദാണ്. തൗഹീദെന്നാൽ ദൈവത്തിന്റെ ഏകത്വമെന്ന് വിവർത്തനം ചെയ്യാറുണ്ട്. പക്ഷേ തൗഹീദിന്റെ വികാസമെന്നത് മനുഷ്യന്റെ ഏകത്വത്തിലാണുള്ളത്. സൃഷ്ടി എന്നത് ദൈവത്തിന്റെ അമാനത്താണ്. ആണും പെണ്ണും ദൈവത്തിനു മുന്നിൽ സമന്മാരാണ്. ഖലീഫ എന്ന പദവിയാണ് മനുഷ്യനുള്ളത്. ഖലീഫയുടെ ഉത്തരവാദിത്വമാണ് ഇൽമും അദ്‌ലും (അറിവും നീതിയും). ഇവ തേടേണ്ടത് ശൂറയിലൂടെയും ഇജ്മാഇലൂടെയും (കൂടിയാലോചനയിലൂടെയും സമവായത്തിലൂടെയും). ഇസ്തിസ്‌ലാഹ് (പൊതുതാൽപര്യം) മറ്റൊരു ഘടകം. ഇതാണ് ഹലാൽ/ഹറാമുകളുടെ വ്യാസപരിധി."

സർദാറിന്റെ ഇടപെടലുകൾ ബഹുമുഖങ്ങളാണ്. സ്വൂഫി മിസ്റ്റുകളെ വിമർശിക്കുന്ന സർദാർ രാഷ്ട്രീയ ഇസ്‌ലാമിനെയും നിരൂപിക്കുന്നു. ഉത്തരാധുനികതയെ വിമർശിക്കുന്ന സർദാർ അപനിർമാണത്തെ തന്റെ രീതിശാസ്ത്രമായി പ്രഖ്യാപിക്കുന്നു. ആഗോള തീവ്രവാദത്തിന്റെ വേരുകൾ പാരമ്പര്യം, ആധുനികത, ഉത്തരാധുനികത ഇവയുടെ സംഗമസ്ഥാനത്താണ് സർദാർ കണ്ടുമുട്ടുന്നത്. ഈ തീവ്രവാദ പ്രവണത ഉത്തരാധുനികതയുടെ കലർപ്പുസംസ്കാരം പോലെ ചരിത്രരഹിതമാണ്. ഇങ്ങനെ പൊള്ളയായിത്തീർന്ന ഉത്തരാധുനികത തകർച്ചയുടെ വക്കിലാണ്. ബഹുസ്വരതയുടെ ലോകക്രമം ഏറെ അകലെയല്ലെന്ന് സർദാർ ശുഭാപ്തി പ്രകടിപ്പിക്കുന്നു.

ഇസ്‌ലാമിക സംസ്കാരം ഇന്ന് വിപ്ലവത്തിന്റെ പാതയിലാണ്. അറിവിന്റെ കുത്തകവത്കരണം തകരുകയും വിവര സാങ്കേതികവിദ്യയുടെ വികാസം കാരണമായി ഖുർആനും ഇസ്‌ലാമിക ജ്ഞാനശാസ്ത്ര ശാഖകളും പുതിയ വികാസം നേടുകയും ചെയ്ത കാലമാണിത്. ഖുർആനും ഇസ്‌ലാമിക ജ്ഞാനവും അവിദഗ്ധർക്കും വായിക്കാൻ പാകത്തിൽ ലഭ്യമാണിന്ന്. ഇത് ഇസ്‌ലാമിക ചിന്തയുടെ വിസ്ഫോടനത്തിലാണ് കലാശിക്കുക. സർദാറിന്റെയും അഹ്മദിന്റെയും ഉത്തരാധുനിക ചിന്തകളെ ഇങ്ങനെ സംക്ഷേപിക്കാം.

1. ഉത്തരാധുനികതയെ കൊളോണിയൽ പദ്ധതിയിൽനിന്നു വേറിട്ടാണ് (Break) അഹ്മദ് നിരീക്ഷിക്കുന്നത്. എന്നാൽ കൊളോണിയൽ പദ്ധതിയുടെ തുടർച്ച(Continuity)യായാണ് സർദാർ അതിനെ സമീപിക്കുന്നത്.

2. ബഹുസ്വരതയെ ഉത്തരാധുനികതയുടെ മൂല്യമായി അഹ്മദ് അംഗീകരിക്കുന്നു. സർദാറിനെ സംബന്ധിച്ചേടത്തോളം ബഹുസ്വരത ഇസ്‌ലാമിക നാഗരികതയുടെ സംഭാവനയാണ്. അഹ്മദ് ഇസ്‌ലാമിക നാഗരികതയുടെ പ്രത്യേകതയായി ബഹുസ്വരതയെ പ്രഖ്യാപിക്കുമെങ്കിലും ഉത്തരാധുനികതയുടെ കൂടി ഗുണഫലമായി അതിനെ വിലയിരുത്തുന്നു.

3. ഇസ്‌ലാമിക ജ്ഞാന ശാസ്ത്രത്തിലൂന്നിയ മുന്നോട്ടുപോക്കാണ് വേണ്ടതെന്ന് സർദാർ. ഉത്തരാധുനികതയുടെ സന്ദർഭത്തിലൂന്നിയ തിരിച്ചറിവുകളിലൂടെ മുന്നോട്ടുപോകാൻ അഹ്മദ് ആഹ്വാനം ചെയ്യുന്നു.

അക്ബർ എസ് അഹ്മദിന്റെ പുസ്തകം പുറത്തിറങ്ങിയതിനു ശേഷമാണ് സർദാറിന്റെ പുസ്തകം പുറത്തിറങ്ങിയത്. അഹ്മദിന്റെ 'മുന്നോട്ടുപോക്ക്' എന്ന ആശയത്തെ സർദാർ പോഷിപ്പിക്കുകയാണ് ചെയ്യുന്നത്. സങ്കീർണവും ബഹുസ്വരവുമായ ലോകക്രമത്തെ അഭിമുഖീകരിക്കാനുള്ള രണ്ട് മുസ്‌ലിം ധിഷണകളുടെ പരിശ്രമം വായനയുടെയും ചിന്തയുടെയും പുതിയ മേഖലകൾ നമ്മുക്ക് മുന്നിൽ തുറന്നുതരുന്നു. ■

**അവലംബം**


1.Muslims and Modernity: Clinton Bennet

2. Islam, Post Modernism and other futures- A Ziaudin Sardar Reader.

3. Postmodernism and Islam: predicament and promise- Akbar S Ahmed

4. Breaking Monolith-Ziaudin Sardar (1992)

5. Society Must Be Defended- Michel Foucault